എഗ്രിമെന്റ് വച്ച് 10 ദിവസത്തിനുള്ളിൽ ആറുപേരടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിക്കുകയും നഗരസഭ സമർപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള സ്ഥലത്തിന്റെ അധികാര പത്രം സർവ്വെ നമ്പറും പ്ലാൻ എന്നിവ പാർട്ണർ കേരള മിഷനോ Transaction Advisor ആയ KITCO യ്ക്കോ എഗ്രിമെന്റ് വച്ചതിനുശേഷം നൽകേണ്ടതാണ്. പദ്ധതിയുടെ ദൈനംദിന പുരോഗതി നഗരസഭ വീക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ പരസ്യനികുതി, ഇൻവെസ്റ്റേഴ്സ് മീറ്റ് ചാർജ്, റോഡ്ഷോ ചാർജ്, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്, സർവ്വീസ് ചാർജ് തുടങ്ങിയവയാണ് നഗരസഭയുടെ പദ്ധതി നിർവ്വഹണ ചെലവായി കണക്കാക്കുന്നത് എന്നിവ എഗ്രിമെന്റിലെ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു.

(സി) KITCO തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുക 52 കോടി രൂപയാണ്.

(ഡി) പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ പാർട്ണർ കേരള മിഷൻ വിളിച്ചിട്ടുണ്ട്.

(ഇ) പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

പാർട്ണർ കേരള മിഷൻ

111 (T 1480) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാർട്ണർ കേരള മിഷന്റെ കീഴിൽ എത്ര പദ്ധതികളാണ് പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ ആദ്യഘട്ടത്തിൽ നഗരങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നഗരങ്ങളിലെ പൊതുഭൂമി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കോടി രൂപയുടെ ഭൂമിയാണ് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മൊത്തം എത്ര കോടി രൂപയുടെ പദ്ധതികൾക്കായാണ് പ്രസ്തുത ഭൂമി കൈമാറ്റം നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എവിടെയെല്ലാം എത്ര അളവുകളിലാണ് ഭൂമി കൈമാറ്റം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനേഴ് പദ്ധതികൾ.

(ബി-ഡി) ഭൂമി ആർക്കും കൈമാറുന്നില്ല.

വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം

112 (1481) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കുന്നിടത്തുതന്നെ നിർമ്മാർജ്ജനം ചെയ്യുക. പൊതുമാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക. മാലിന്യം ഉത്പ്പാദിപ്പിക്കുന്നവർ തന്നെ അവ നിർമ്മാർജ്ജനം ചെയ്യണം എന്ന അവബോധം സൃഷ്ടിക്കുക എന്നിവയാണ് മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും സർക്കാരും ശുചിത്വ മിഷനും സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനം പ്രോജക്ടുകൾ തയ്യാറാക്കുന്നു. ആയതിന് ശുചിത്വ മിഷൻ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സർക്കാർ വിഹിതവും നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് ഏജൻസിവഴിയോ അംഗീകൃത സേവന ദാതാക്കൾവഴിയോ ക്രമപ്രകാരം നിർവഹണം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly